പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

26.06.2014-ൽ മറുപടി നൽകേണ്ടത്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : *418

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പ്രയോജനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ റഹീം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ജെയിംസ് മാത്യു | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള അപേക്ഷകരിൽ എത്ര ശതമാനം പേർക്ക് ഇതുവരെ ഭൂമി നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' യുടെ ഒന്നാംഘട്ടത്തിൽ ലഭ്യമായ 2,92,012 അപേക്ഷകരിൽ നടത്തിയ അന്വേഷണത്തിൽ 2,43,928 വ്യക്തികളെ അർഹരായി കണ്ടെത്തിയിരുന്നു. ഒന്നാംഘട്ടത്തിൽ 36,491 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.ഇപ്രകാരം 15% പേർക്ക് പദ്ധതിയുടെ തുടക്കത്തിൽത്തന്നെ ഭൂമി അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.ഇടുക്കി ഒഴികെയുള്ള പതിമൂന്ന് ജില്ലകളിലായി 14,021 പേർക്ക് ഭൂമി കൈമാറിക്കഴിഞ്ഞു. ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായ നടപടികൾ പാലിച്ചുകൊണ്ട് ജില്ലകളിൽ ഭൂമി വിതരണം പുരോഗമിക്കുന്നു. |
| (ബി) ഇതിനായി സർക്കാർ കണ്ടെത്തിയിട്ടുള്ള ഭൂമി അനുയോജ്യമല്ലാത്തവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'യിൽ വീട് വയ്ക്കുവാൻ അനുയോജ്യമായ ഭൂമി മാത്രം തെരഞ്ഞെടുത്താണ് ഗുണഭോക്താക്കൾക്ക് നൽകിവരുന്നത്. |

(സി) വ്യത്യസ്ത ജില്ലക്കാർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകാനുള്ള തീരുമാനം പദ്ധതിയുടെ പ്രയോജനം നഷ്ടപ്പെടുത്തുന്നതും ഭൂമാഫിയകളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രകാരം ഗുണഭോക്താക്കൾക്ക് അവരുടെ സ്വന്തം ജില്ലകളിലെ ഭൂമി മാത്രമേ നാളിതുവരെ അനുവദിച്ചിട്ടുള്ളൂ. കാസർഗോഡ് ജില്ലയിൽ അധികമായി കണ്ടെത്തിയ ഭൂമി, മറ്റ് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് നൽകുന്നകാര്യം സർക്കാർ തീരുമാനിച്ചിട്ടില്ല.

C.K.V. Kumar

സെക്ഷൻ ഓഫീസർ